# സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അധികാരപരിധിയിൽ വരുന്ന കുളത്തൂപ്പുഴ ദേവസ്വത്തിലെ അരവണ പ്രസാദം നിറച്ച് നൽകുന്നതിനാവശ്യമായ കോംപസിറ്റ് ക്യാൻ, ഈസി ഓപ്പൺ ലിഡ് എന്നിവ സപ്ലൈ ചെയ്യുവാൻ താൽപര്യമുള്ള കോൺട്രാക്ടർ/ ഏജൻസികൾ എന്നിവരിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അധികാരപരിധിയിൽ വരുന്ന കുളത്തൂപ്പുഴ ദേവസ്വത്തിലെ അരവണ പ്രസാദം നിറച്ച് നൽകുന്നതിനാവശ്യമായ കോംപസിറ്റ് കാൻ, ഈസി ഓപ്പൺ ലിഡ് എന്നിവ സപ്ലൈ ചെയ്യുവാൻ താൽപര്യമുള്ള കോൺട്രാക്ടർ/ഏജൻസികൾ എന്നിവരിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

2. അരവണ നിറയ്ക്കുന്നതിന് ആവശ്യമായ 250 എം.എൽ. എക്കോ ഫ്രണ്ട്ലി കോംപസിറ്റ് കാനുകൾ (ചുവട് വശം ടിൻ ഷീറ്റുകൊണ്ട് നിർമ്മിച്ചിരിക്കുന്നവ) അവ സുരക്ഷിതമായി അടയ്ക്കാവുന്ന ഈസി ഓപ്പൺ ലിഡുകൾ എന്നിവയ്ക്ക് (എണ്ണം 1 ന്) ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക ആണ് ക്വോട്ട് ചെയ്യേണ്ടതാണ്.

3. ഇ-ടെൻഡറുകൾ 04-11-2020 വൈകുന്നേരം 5.00 .മണിയ്ക്ക് മുമ്പായി www.keralaetenders.gov.in മുഖേന സമർപ്പിക്കേണ്ടതാണ്.

4. ടെൻഡറിനൊപ്പം 25,000/- രൂപ നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. ടെൻഡർ 06.11.2020- പകൽ 11.00 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.

6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും. സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിലേക്ക് നൽകേണ്ടതുള്ള പക്ഷം ആയത് കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിതത്തിലും ബാദ്ധ്യതയിലുമാകണം.

8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1196-ലെ ഉത്സവങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.

9. ടെൻഡറിൽ പങ്കെടുത്ത ശേഷമോ കുത്തക അനുവദിച്ചതായിട്ടുള്ള രേഖമൂലമുള്ള അറിയിപ്പ് ലഭിച്ച ശേഷമോ ടെൻഡറിൽ നിന്നും പിന്മാറുന്നവരുടെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേക്ക് കണ്ടുകെട്ടുന്നതാണ്.

10. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.

11. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുമായി ഉടമ്പടി വച്ച് ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിൽ അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്/വ്യക്തിക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.

15. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

16. ആവശ്യമായ സാധനങ്ങൾ പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ/ കുളത്തൂപ്പുഴ ദേവസ്വം ആഫിസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നിലയ്ക്കൽ ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.

17. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധി കുത്തക അവകാശം ലഭിച്ച് ഏഴ് ദിവസത്തിനകം പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാങ്ക്ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.

18. ടെൻഡർ നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന സാധനങ്ങൾ ഭാഗി കമായോ, പൂർണ്ണമായോ സ്വീകരിക്കുന്നതിനും നിരാകരിക്കുന്ന തിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥൻ കൈപ്പ റ്റിയിട്ടുള്ള അളവിലെ സാധനങ്ങൾക്കുള്ള പേയ്മെന്റ് മാത്രമേ നൽകുകയുള്ളു.

19. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ/കുളത്തൂപ്പുഴ ആഫിസിൽ നിന്നും രേഖമൂലം ലഭിക്കുന്ന കത്തിൽ പരാമർശിര ക്കുന്ന അളവിൽ ഉള്ള സാധനങ്ങൾ മാത്രമേ സ്റ്റോറിൽ എത്തിക്കു വാൻ പാടുള്ളു. അധികമായി എത്തിക്കുന്ന സാധനങ്ങൾക്കുള്ള പേയ്മെന്റ് യാതൊരു കാരണവശാലും നൽകുന്നതല്ല.

20. ആകെ ആവശ്യമായ അളവിന്റെ 5 ശതമാനം എണ്ണം വേസ്റ്റേജ് ഇനത്തിൽ സൗജന്യമായി കുത്തകക്കാൻ സപ്ലൈ ചെയ്യേണ്ടതാണ്.

ആർ.ഒ.സി. 15345/20/ശബ
27.10.2020

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്തൻകോട്
തിരുവനന്തപുരം 695 003.

**കോംമ്പസിറ്റ് ക്യാനിന്റെയും ഈസി ഓപ്പൺ ലിഡിന്റെയും MATERIAL SPECIFICATION ചുവടെ ചേർക്കുന്നു.**

## 250ml COMPOSITE CANS

- The cans should be eco-friendly, cylindrical in shape with Inner diameter 63mm and outer diameter 65.4mm. The can should have a height of 90mmso that it can hold 250 ml of Aravana Prasadam on filling and seaming. The cans are to be made from laminate of craft bounded aluminum foiliner. The inner part of the Can shall be free from plastic elements and be made of food grade articles having food safety certification. The Inner portion shall be DUST & OIL FREE and be made of articles having food safety certification.

- The cans shall be suitable for packing and storing of prepared food articles like Aravana for a longer period without causing health hazards.

- The cans should be affixed with multi colour

label , the inscription on which shall be as per directions given by the Travancore Devaswom Board.

- The label should be of Chrome Art Paper. The bottom of the cans should be made up of Aluminum Compound(food grade), having minimum thickness of 0.24 mm.

## Easy open lids

- Aluminum easy open end full approacher should have diameter 63mm (209). The lids should be suitable for seaming aravana cans of 250 ml at Sabarimala

## REQUIRED QUANTITY :-13,000 NOS EACH

ആർ.ഒ.സി. 15345/20/ശബ
27.10.2020

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്തൻകോട്
തിരുവനന്തപുരം 695 003.